പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4463**

**17.12.2014** ൽ മറുപടിക്ക്

## ഏറനാട് മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള ഭരണാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ പന്നിപ്പാറ പള്ളി മുക്കിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി സർവ്വേയും മറ്റും പൂർത്തിയാക്കി, ഐ.ഡി.ആർ.ബി. യിൽ ഡിസൈൻ തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ ആയതിൽ ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ പന്നിപ്പാറ പള്ളിമുക്കിൽ അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള റെഗുലേറ്ററിന്റെ നിർമ്മാണത്തിനായി സിവിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തുക 15 കോടി രൂപയാണ്. റെഗുലേറ്ററിന്റെ ഷട്ടറിന്റെയും ഓപ്പറേറ്റിംഗ് പ്ലാറ്റ്ഫോമിന്റേയും ഡിസൈനും എസ്റ്റിമേറ്റും മെക്കാനിക്കൽ വിഭാഗം തയ്യാറാക്കി വരുന്നു. ഇതു പൂർത്തിയായാൽ മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ